# തിരുവനന്തപുരം വിദ്യാഭ്യാസജില്ല

## മലയാളം പേപ്പർ I കേരളപാഠാവലി

**STD : 10** **സമയം : 90 മിനുട്ട്**

**സ്കോർ : 40**

***ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക (1സ്കോർ വീതം)***

**1 .** എഴുത്തച്ഛനുമായി ഏറ്റവുമധികം യോജിക്കുന്ന പ്രസ്താവന

- ജീവിതകാലം 18 -ാം നൂറ്റാണ്ട്
- കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്
- 'കൃഷ്ണഗാഥ' പ്രധാന കൃതി

**2.** 'ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞു പോയീടിലാം' സമാന താളമുള്ള വരികൾ കണ്ടെത്തുക

- പുരന്ദര സമൻ കാന്തൻ
  ജയന്ത സദൃശൻ സുതൻ
- പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു -
  മോരം ചെരിഞ്ഞു മടങ്ങിയിരുന്നമ്മ
- ഈ മലനാട്ടിൻ വായുവിലുണ്ടൊരു
  മധുരോദാരവികാരം , മഞ്ഞാ -

**3 .** മോക്ഷാർത്ഥി എന്തു ചെയ്യണം ?

- ഏകാഗ്രമായ മനസ്സോടെ വിദ്യ അഭ്യസിക്കണം
- നിത്യവും ദേഹരക്ഷ ചെയ്യണം
- രാജ്യം , ദേഹം, വിശ്വം , ധനം, ധാന്യം ഇവയിൽ മുഴുകി ജീവിക്കണം

**4 .** കുലവ്രതം - ശരിയായ വിഗ്രഹരൂപം

- കുലവും വ്രതവും
- കുലമായ വ്രതം
- കുലത്തിന്റെ വ്രതം

TVM EDL DIST

5 . 'എന്താണ് ഈ ബാലനെക്കണ്ടിട്ട് എനിക്ക് സ്വന്തം പുത്രനെപ്പോലെ സ്നേഹം

തോന്നുന്നത് ?' വരികളിൽ തെളിയുന്ന ദുഷ്ഷന്തന്റെ ഭാവം ?

- അനപത്യ ദുഃഖം (മക്കളില്ലാത്ത ദുഃഖം )
- ആശ്ചര്യം
- പശ്ചാത്താപം

6 . വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവൽ മലയാളത്തിലേക്ക്

ആദ്യമായി വിവർത്തനം ചെയ്തത് ?

- എ.ആർ.രാജരാജവർമ്മ
- കാളിയത്തു ദാമോദരൻ
- നാലപ്പാട്ട് നാരായണമേനോൻ

***രണ്ടു വാക്യത്തിൽ ഉത്തരമെഴുതുക (2 സ്കോർ വീതം )***

7 . 'മലിനം വസനദ്വയം; വ്രതത്താൽ

മെലിവേറ്റം കുഴൽ കറ്റയൊറ്റയായി' ഭാഷാപരമായ രണ്ടു സവിശേഷതകൾ എഴുതുക .

8 . രണ്ടു ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക

'എനിക്കീ മയിലിനെ നന്നേ രസിച്ചതിനാൽ

ഞാനിതമ്മയുടെ അടുക്കലേക്ക് കൊണ്ടു പോകും'

9 . 'നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു

മുന്നമേ ഞാനെടോ ....' ശ്രീരാമനറിഞ്ഞ ലക്ഷ്മണന്റെ തത്ത്വങ്ങൾ എന്തെല്ലാം ?

***അരപ്പുറത്തിൽ ഉത്തരമെഴുതുക (4 സ്കോർ വീതം )***

10 . 'ക്രോധം പരിത്യജിക്കേണം ബുധജനം' എന്ന എഴുത്തച്ഛന്റെ വാക്കുകളെ

വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക .

11 . ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു -
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു . 'നിത്യജീവിതവുമായി ബന്ധപ്പെട്ട

ഉപമകളാണ് എഴുത്തച്ഛന്റെ കവിതകളുടെ ഒരു സവിശേഷത' എന്ന പ്രസ്താവന

മുകളിൽ ചേർത്തിരിക്കുന്ന വരികളിലെ ഉപമയ്ക്കും യോജിക്കുന്നുണ്ടോ എന്ന്

പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക .

12 . ശകുന്തളയെ ഉപേക്ഷിച്ചതിൽ പശ്ചാത്തപിക്കുന്നവനാണ് ദുഷ്ഷന്തൻ . ഏതെങ്കിലും രണ്ടു സന്ദർഭങ്ങൾ ഉദാഹരിച്ചു സമർത്ഥിക്കുക .

TVM EDL DIST

**13 .** 'ഇവന്റെ ജാതകകർമ്മ സമയത്തിൽ മാരീചഭഗവാൻ ഇത് ഇവനെ ധരിപ്പിച്ചു' അപരാജിത എന്ന രക്ഷയ്ക്ക് നാടകത്തിലുള്ള സ്ഥാനത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക .

***ഏതെങ്കിലും <u>രണ്ടു ചോദ്യത്തിന്</u> ഒരു പുറം വീതം ഉത്തരം എഴുതുക***

**(ഓരോന്നിനും 6 സ്കോർ വീതം)**

**14 .** എഴുത്തച്ഛൻ ശ്രീരാമനിലൂടെ നൽകുന്ന സന്ദേശങ്ങൾ ശ്രദ്ധിക്കൂ .

- മനുഷ്യൻ സുഖഭോഗങ്ങൾക്കു പിന്നാലെ പായുന്നു
- മനുഷ്യ ജന്മം ക്ഷണികമാണ്
- ശരീരത്തെക്കുറിച്ചു അഹങ്കരിക്കരുത്
- ക്രോധം പരിത്യജിക്കേണ്ടതാണ് ഇവയെ അടിസ്ഥാനമാക്കി

'ഉത്തമ മനുഷ്യൻ ചെയ്യേണ്ടത് ' എന്ന വിഷയത്തെക്കുറിച്ച് മുഖപ്രസംഗം തയ്യാറാക്കുക

**15 .** ആശ്രമകന്യകയായ ശകുന്തള മഹാരാജാവായ ദുഷ്ഷന്തനെ വിവാഹം ചെയ്യുന്നു. ദുർവാസാവിന്റെ ശാപം നിമിത്തം വേർപിരിയുന്നു വർഷങ്ങൾക്കു ശേഷം ദുഷ്ഷന്തൻ, ശകുന്തള , സർവദമനൻ ഇവർ ഒത്തുചേരുന്നു

'ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജനഭിന്നവിചിത്രമാർഗമായ മനുഷ്യ ജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു'

- എൻ.വി.കൃഷ്ണവാര്യർ

പാഠഭാഗത്തെ ആശയങ്ങളെക്കൂടി പരിഗണിച്ച് എൻ.വി.കൃഷ്ണവാര്യരുടെ പ്രസ്താവന വിലയിരുത്തുക .

**16 .** വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ - പൂന്താനം

( വിദ്യകൊണ്ട് അറിയേണ്ടത് അറിയാതെ ചിലർ പണ്ഡിതരാണെന്നു നടിക്കുന്നു )

വിദ്യയുടെ പ്രാധാന്യത്തെക്കുറിച്ചു 'ലക്ഷ്മണസാന്ത്വന'ത്തിൽ എഴുത്തച്ഛനും വിശദമാക്കുന്നുണ്ട് . പൂന്താനത്തിന്റെയും എഴുത്തച്ഛന്റെയും ആശയങ്ങൾ ഉൾപ്പെടുത്തി 'വിദ്യാഭ്യാസം സമൂഹനന്മയ്ക്ക് 'എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക .

TVM EDL DIST